ഉണ്ടാകുമെന്ന് കാണാതിരുന്നതും നിശ്ചിതസമയത്തിനുള്ളിൽ പ്രമോഷൻ ഉണ്ടായത് അവരുടെ കുറ്റംകൊണ്ടല്ലെന്നുള്ളതും പരിഗണിച്ച് സ്പെഷ്യൽ റൂൾസിൽ വേണ്ട ഭേദഗതി വരുത്തി ഇവർക്ക് പ്രമോഷനുള്ള തടസ്സം നീക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനിമൽ ഹസ്ബൻട്രി സ്റ്റോറർ സർവ്വീസ് റൂൾസ് 5.11.1966 മുതലും സബോർഡിനേറ്റ് സർവീസ് റൂൾസ് 11.3.1966 മുതലും കേരള കോ-ഓപ്പറേറ്റീവ് സ്റ്റോറർ സർവീസ് റൂൾസ് 4.11.1963 മുതലും സബോർഡിനേറ്റ് സർവീസ് റൂൾസ് 24.7.1962 മുതലും കേരളാ സ്റ്റേഷനറി സർവ്വീസ് റൂൾസ് 30.6.1959 മുതലും കേരളാ സ്റ്റേഷനറി സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 25.8.1959 മുതലുമാണ് നിലവിൽ വന്നത്. ഈ ചട്ടങ്ങൾക്ക് പിന്നീടു വരുത്തിയിട്ടുള്ള ഭേദഗതികളും ശേഖരിച്ചു അവകൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കോപ്പികളും മേശപ്പുറത്തു വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വിവരങ്ങൾ ശേഖരിച്ചതിനുശേഷം പരിശോധിക്കേണ്ട ഒരു കാര്യമാണിത്.

സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

971 [1561] ശ്രീ. സി.എ. കുര്യൻ:

,, വി.കെ. രാജൻ:

,, പി. ശങ്കർ:

,, എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ഡയറക്ടർക്ക് പ്രതിമാസം നൽകുന്ന ശമ്പളമെത്രയാണ്;

(ബി) ഇതുവരെ ഈ സ്ഥാപനം എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്;

(സി) 'സ്കബാ ഡൈവിംഗ്' എന്ന് അറിയപ്പെടുന്ന അവകാശപ്പെടുന്ന നീന്തൽ കായിക വിനോദം അഭ്യസിപ്പിക്കുന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യമെന്നു പറയുന്നത് ശരിയാണോ;

(ഡി) ഈ സ്ഥാപനത്തിനു എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ട് ഉണ്ടോ; ഉണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഡയറക്ടരുടെ പ്രതിമാസ ശമ്പളം 3000 രൂപയാണ്. എന്നാൽ കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിക്കുന്ന പെൻഷൻ, പെൻഷൻ തുകയ്ക്കനുസൃതമായ ഗ്രാറ്റുവിറ്റി എന്നിവ കഴിച്ച് പ്രതിമാസം 1866 രൂപ 90 പൈസ മാത്രമേ ഡയറക്ടർ ശമ്പളമായി പറ്റുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15.3.1979 വരെ 12,07,093 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അല്ല.

(ഡി) ഈ സ്ഥാപനത്തിനു പ്രത്യേകമായി ഒരു പ്രോജക്ട് റിപ്പോർട്ട് ഇല്ല.

ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ

972 [1562] ശ്രീ. എൻ. വാസുദേവൻ പിള്ള:

,, വട്ടിയൂർക്കാവ് രവി:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ആഫീസ് സെക്ഷനുകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റുമാരുടെ പ്രമോഷൻ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളെന്ത്;

(ബി) ക്ലറിക്കൽ അസിസ്റ്റന്റുമാരെ കോമൺ കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇപ്പോഴിരിക്കുന്ന സ്കെയിലിൽത്തന്നെ ഒരു ഗ്രേഡ് ഏർപ്പെടുത്തുന്നതുമൂലം ഈ വിഭാഗത്തിൽപ്പെട്ട അധികംപേർക്കും സ്റ്റാഗ്നേഷൻ സംഭവിക്കുമെന്ന് ശമ്പളപരിഷ്ക്കരണ ഉത്തരവു പുറപ്പെടുവിക്കും മുമ്പുതന്നെ ക്ലറിക്കൽ അറ്റൻഡേഴ്സ് അസോസിയേഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാർ മുമ്പ് അസിസ്റ്റന്റുമാർ ചെയ്തിരുന്ന ജോലിയാണ് ചെയ്തു വരുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) 10.ാം സ്റ്റാൻഡാർഡുവരെ പഠിച്ചവരും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസ്സായവരുമായ സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാർ ഇന്നു ചെയ്യുന്ന ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് അവരെക്കൂടി സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ ശിപായിമാരായി ജോലിനോക്കുന്നവരിൽ പി.എസ്.സി. നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നവർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ അറ്റൻഡറായും തുടർന്ന് ക്ലറിക്കൽ അസിസ്റ്റന്റായും ഉദ്യോഗക്കയറ്റം നൽകുന്നതാണ് നിലവിലുള്ള നടപടിക്രമം. ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് തുടർന്നു പ്രമോഷൻസാദ്ധ്യതകളൊന്നും തന്നെയില്ല.

(ബി) ഉണ്ട്.

(സി) മുൻകാലങ്ങളിൽ ആഫീസ് സെക്ഷനിലെ ഡെസ്പാച്ച് ജോലി അസിസ്റ്റന്റ് ആയിരുന്നു ചെയ്തിരുന്നത്. ആ ജോലിക്ക് അസിസ്റ്റന്റുമാർ ആവശ്യമില്ല എന്നു തോന്നിയതുകൊണ്ടാണ് അത് ക്ലറിക്കൽ അസിസ്റ്റന്റുമാരെക്കൊണ്ടു ചെയ്യിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly